**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **22-07-2021 - ൽ മറുപടിയ്ക്ക്**

**വിളയൂർ ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ തുക അനുവദിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ഏജൻസിയായിട്ടുള്ളതുമായ വിളയൂർ ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ വിളയൂർ ഹൈസ്കൂളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള S.P.Vയായി 'കില'-യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കില നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയും ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ, സെക്കന്റ് ഫ്ളോർ, സ്ളാബ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തിയായിട്ടുമുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ